**Lang. Code : 09**

# AAT-20-I

प्रश्न-पत्र I / PAPER I

मलयालम भाषा परिशिष्ट

Malayalam Language Supplement

भाग IV & V / PART IV & V

परीक्षा पुस्तिका संकेत
Test Booklet Code

**I**

परीक्षा पुस्तिका संख्या
Test Booklet No.

इस पुस्तिका में **24** पृष्ठ हैं ।
This booklet contains **24** pages.

**इस परीक्षा पुस्तिका को तब तक न खोलें जब तक कहा न जाए ।**
**Do not open this Test Booklet until you are asked to do so.**
**इस परीक्षा पुस्तिका के पिछले आवरण (पृष्ठ 23 व 24)पर दिए निर्देशों को ध्यान से पढ़ें ।**
**Read carefully the Instructions on the Back Cover (Page 23 & 24) of this Test Booklet.**

**मलयालम में निर्देशों के लिए इस पुस्तिका का पृष्ठ 2 देखें । / For instructions in Malayalam see Page 2 of this Booklet.**

| परीक्षार्थियों के लिए निर्देश | *INSTRUCTIONS FOR CANDIDATES* |
|---|---|
| 1. यह पुस्तिका मुख्य परीक्षा पुस्तिका की एक परिशिष्ट है, उन परीक्षार्थियों के लिए जो या तो भाग IV (भाषा I) **या** भाग V (भाषा II) **मलयालम** भाषा में देना चाहते हैं, लेकिन **दोनों नहीं** । | 1. This booklet is a supplement to the Main Test Booklet for those candidates who wish to answer **EITHER** Part IV (Language I) **OR** Part V (Language II) in **MALAYALAM** language, but **NOT BOTH**. |
| 2. परीक्षार्थी भाग I, II, III के उत्तर मुख्य परीक्षा पुस्तिका से दें और भाग IV व V के उत्तर उनके द्वारा चुनी भाषाओं से । | 2. Candidates are required to answer Parts I, II, III from the Main Test Booklet and Parts IV and V from the languages chosen by them. |
| 3. अंग्रेज़ी व हिन्दी भाषा पर प्रश्न मुख्य परीक्षा पुस्तिका में भाग IV व भाग V के अन्तर्गत दिए गए हैं । भाषा परिशिष्टों को आप अलग से माँग सकते हैं । | 3. Questions on English and Hindi languages for Part IV and Part V have been given in the Main Test Booklet. Language Supplements can be asked for separately. |
| 4. इस पृष्ठ पर विवरण अंकित करने एवं उत्तर पत्र पर निशान लगाने के लिए **केवल काले/नीले बॉल पॉइंट पेन** का प्रयोग करें । | 4. Use **Black/Blue Ball Point Pen only** for writing particulars on this page / marking responses in the Answer Sheet. |
| 5. इस भाषा पुस्तिका का **संकेत** है **I** । यह सुनिश्चित कर लें कि इस भाषा परिशिष्ट पुस्तिका का संकेत, उत्तर पत्र के **पृष्ठ**-2 एवं मुख्य परीक्षा पुस्तिका पर छपे संकेत से मिलता है । अगर यह भिन्न हो, तो परीक्षार्थी दूसरी भाषा परिशिष्ट परीक्षा पुस्तिका लेने के लिए निरीक्षक को तुरन्त अवगत कराएँ । | 5. The CODE for this Language Booklet is **I**. Make sure that the CODE printed on **Side-2** of the Answer Sheet and on your Main Test Booklet is the same as that on this Language Supplement Test Booklet. In case of discrepancy, the candidate should immediately report the matter to the Invigilator for replacement of the Language Supplement Test Booklet. |
| 6. इस परीक्षा पुस्तिका में **दो** भाग IV और V हैं, जिनमें **60** वस्तुनिष्ठ प्रश्न हैं, जो प्रत्येक 1 अंक का है :<br>भाग-IV : भाषा I - (मलयालम) (प्र. 91 से प्र. 120)<br>भाग-V : भाषा II - (मलयालम) (प्र. 121 से प्र. 150) | 6. This Test Booklet has **two** Parts, IV and V, consisting of **60** Objective Type Questions, each carrying 1 mark :<br>Part-IV : Language I - (Malayalam) (Q. 91 to Q. 120)<br>Part-V : Language II - (Malayalam) (Q. 121 to Q. 150) |
| 7. भाग-IV में भाषा-I के लिए 30 प्रश्न और भाग-V में भाषा-II के लिए 30 प्रश्न दिए गए हैं । इस परीक्षा पुस्तिका में केवल मलयालम भाषा से संबंधित प्रश्न दिए गए हैं । **यदि भाषा-I और/या भाषा-II में आपके द्वारा चुनी गई भाषा(एँ) मलयालम के अलावा है तो कृपया उस भाषा वाली परीक्षा पुस्तिका माँग लीजिए । जिन भाषाओं के प्रश्नों के उत्तर आप दे रहे हैं वह आवेदन पत्र में चुनी गई भाषाओं से अवश्य मेल खानी चाहिए ।** | 7. Part-IV contains 30 questions for Language-I and Part-V contains 30 questions for Language-II. In this Test Booklet, only questions pertaining to Malayalam language have been given. **In case the language/s you have opted for as Language-I and/or Language-II is a Language other than Malayalam, please ask for a Test Booklet that contains questions on that language. The language being answered must tally with the languages opted for in your Application Form.** |
| 8. **परीक्षार्थी भाग-V (भाषा-II) के लिए, भाषा सूची से ऐसी भाषा चुनें जो उनके द्वारा भाषा I (भाग-IV) में चुनी गई भाषा से भिन्न हो ।** | 8. **Candidates are required to attempt questions in Part -V (Language-II) in a language other than the one chosen as Language-I (in Part-IV) from the list of languages.** |
| 9. रफ कार्य परीक्षा पुस्तिका में इस प्रयोजन के लिए दी गई खाली जगह पर ही करें । | 9. Rough work should be done only in the space provided in the Test Booklet for the same. |
| 10. सभी उत्तर केवल OMR उत्तर पत्र पर ही अंकित करें । अपने उत्तर ध्यानपूर्वक अंकित करें । उत्तर बदलने हेतु श्वेत रंजक का प्रयोग निषिद्ध है । | 10. The answers are to be recorded on the OMR Answer Sheet only. Mark your responses carefully. No whitener is allowed for changing answers. |

परीक्षार्थी का नाम (बड़े अक्षरों में) : ____________________
Name of the Candidate (in Capitals) :
अनुक्रमांक : (अंकों में) ____________________
Roll Number : in figures
: (शब्दों में) ____________________
: in words
परीक्षा केन्द्र (बड़े अक्षरों में) : ____________________
Centre of Examination (in Capitals) :
परीक्षार्थी के हस्ताक्षर : ____________________ निरीक्षक के हस्ताक्षर : ____________________
Candidate's Signature : Invigilator's Signature :
Facsimile signature stamp of
Centre Superintendent ____________________

**I**

**Lang. Code : 09** **AAT-20-I**

പരീക്ഷാ ചെറുപുസ്തക സങ്കേതം

**I**

ഈ പുസ്തികയിൽ **24** താളുകൾ ഉണ്ട്.

**പേപ്പർ I**

# മലയാളം ഭാഷാ അനുബന്ധം

## ഭാഗം IV & V

**പറയുന്നതുവരെ ഈ പരീക്ഷാ പുസ്തിക തുറക്കരുത്.**

**ഈ പുസ്തികയുടെ പുറംതാളിൽ (പേജ് 23 & 24) കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ വായിക്കുക.**

**പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ :**

1. ഈ പുസ്തിക മുഖ്യപരീക്ഷാ പുസ്തകത്തിന്റെ ഒരു അനുബന്ധമാണ് IV (ഭാഷ I) അല്ലെങ്കിൽ V (ഭാഷ II) ഭാഗം മാത്രം മലയാളത്തിൽ ഉത്തരമെഴുതാൻ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾക്കു-വേണ്ടിയാണ്, രണ്ടു ഭാഗങ്ങളും ഒരേ ഭാഷയിൽ എഴുതാനല്ല.
2. പരീക്ഷാർത്ഥികൾ I, II, III ഉം ഭാഗം മുഖ്യ പരീക്ഷാ പുസ്തകത്തിലും IV ഉം V ഉം ഭാഗങ്ങൾ തങ്ങൾ തെരഞ്ഞെടുത്ത ഭാഷയിലും ഉത്തരമെഴുതണം.
3. IV ഉം V ഉം ഭാഗങ്ങളിലെ ഇംഗ്ലീഷ്/ഹിന്ദി ചോദ്യങ്ങൾ മുഖ്യ പരീക്ഷാ പുസ്തകത്തിലുണ്ട്. ഇതര ഭാഷാ അനുബന്ധങ്ങൾ ചോദിച്ചു വാങ്ങുക.
4. ഈ പേജിലെ വിവരങ്ങൾ എഴുതാനും/ഉത്തരം എഴുതാനും, **നീല ബോൾ പോയിന്റ് പേന മാത്രം** ഉപയോഗിക്കുക.
5. ഈ പുസ്തികയുടെ സങ്കേതം (കോഡ്) **I** ആണ്. നിങ്ങളുടെ ഉത്തരക്കടലാസ്സിന്റെ **വശം 2**-ലും നിങ്ങളുടെ മുഖ്യ പരീക്ഷാ പുസ്തകത്തിലും ഉള്ള സങ്കേതം (കോഡ്) ഈ ഭാഷാ അനുബന്ധത്തിലുള്ള അതേ കോഡ് തന്നെ എന്ന് ഉറപ്പുവരുത്തുക.
6. IV, V എന്ന രണ്ടു ഭാഗങ്ങൾ ഈ പുസ്തികയിൽ ഉണ്ട്. **60** വസ്തുനിഷ്ഠമായ (ഓബ്ജക്ടീവ്) ചോദ്യങ്ങളും ഉണ്ട്. ഓരോ ചോദ്യത്തിനും **ഒരു (1)** മാർക്ക്.
   ഭാഗം IV - ഭാഷ I (മലയാളം) (ചോദ്യം 91 - 120)
   ഭാഗം V - ഭാഷ II (മലയാളം) (ചോദ്യം 121 - 150)
7. ഭാഗം IVൽ (ഭാഷ I) **30** ചോദ്യങ്ങളും, ഭാഗം Vൽ (ഭാഷ II) **30** ചോദ്യങ്ങളും ഉണ്ട്. ഈ പുസ്തികയിൽ മലയാള ഭാഷയിൽ മലയാള ഭാഷയെ ആസ്പദമാക്കിയ ചോദ്യങ്ങളാണ് ഉള്ളത്. **നിങ്ങൾ മലയാള ഭാഷയല്ലാതെ വേറേ ഭാഷ I / ഭാഷ II തെരഞ്ഞെടുത്തതെങ്കിൽ, ആ ഭാഷയിലെ ചോദ്യങ്ങൾ ആവശ്യപ്പെടുക. അപേക്ഷാ ഫോമിലെന്തു ഭാഷയാണോ നിങ്ങൾ ഐച്ഛികമായി എടുത്തിരിക്കുന്നത് അതേ ഭാഷയിലെ തന്നെ ചോദ്യങ്ങളായിരിക്കണം നിങ്ങൾ ഉത്തരമെഴുതേണ്ടത്.**
8. **പരീക്ഷാർത്ഥികൾ ഭാഗം V (ഭാഷ II)ൽ ഉത്തരമെഴുതുന്ന ഭാഷ ഭാഗം IV (ഭാഷ I)ൽ നിന്നും വ്യത്യസ്തമായ ഭാഷയായിരിക്കണം.**
9. റഫ് വർക്ക് ചെയ്യുന്നതിന് പരീക്ഷാ പുസ്തികയിൽ അതിനായി തന്നിട്ടുള്ള സ്ഥാനത്ത് മാത്രം ചെയ്യുക.
10. ഉത്തരങ്ങൾ OMR ഉത്തര പുസ്തികയിൽ മാത്രം രേഖപ്പെടുത്തുക. ഉത്തരം ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തുക. ശ്വേത രഞ്ജകം (Whitener) ഉപയോഗിക്കാൻ അനുവാദമില്ല.

പരീക്ഷാർത്ഥിയുടെ പേര് : ____________________

റോൾ നമ്പർ : (അക്കത്തിൽ) ____________________

: (അക്ഷരത്തിൽ) ____________________

പരീക്ഷാ കേന്ദ്രം (വലിയ അക്ഷരത്തിൽ) : ____________________

പരീക്ഷാർത്ഥിയുടെ ഒപ്പ് ____________________ ഇൻവിജിലേറ്ററിന്റെ ഒപ്പ് ____________________

Facsimile signature stamp of Centre Superintendent ____________________

**ഭാഷ I മലയാളം** തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം IV (ചോദ്യങ്ങൾ 91-120)** ഉത്തരമെഴുതുക.

Candidates should attempt the questions from **Part-IV [Q. No. 91 – 120],** if they have opted **MALAYALAM** as **LANGUAGE – I** only.

## ഭാഗം – IV
## ഭാഷ – I
## മലയാളം

**ഭാഷ – I മലയാളം തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം ഭാഗം – IV (ചോദ്യങ്ങൾ 91-120) ഉത്തരമെഴുതുക.**

**താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (91-99) ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

പരിസ്ഥിതിവാദ പ്രസ്ഥാനത്തിന്റെ സമാന്തര പ്രക്രിയയായിട്ടാണ് പാരിസ്ഥിതിക സ്ത്രീവാദം ഉടലെടുക്കുന്നത്. പ്രകൃതിയിലെ ജീവസമൂഹങ്ങളും വ്യത്യസ്ത പ്രകൃതിഘടകങ്ങളും തമ്മിലുള്ള പാരസ്പര്യത്തെ വിശകലനപഠനം നടത്തുന്ന ശാസ്ത്രശാഖയായ പ്രകൃതിവിജ്ഞാനത്തിന്റെ ചുവടുപിടിച്ചാണ് പാരിസ്ഥിതികസ്ത്രീവാദം വളർച്ചപ്രാപിക്കുന്നത്. ഡേവിഡ് തോറോ, ആൻഡോ ലെപോൾഡ്, ജോൺമ്യൂർ, റേച്ചൽ കാർസൻ തുടങ്ങിയ പ്രകൃതിസ്നേഹികളുടെ രചനകൾ പരിസ്ഥിതിവാദപ്രസ്ഥാനങ്ങൾക്ക് പ്രേരകങ്ങളായിത്തീർന്നു. പ്രകൃതിയുടെ സ്വാഭാവിക പ്രക്രിയകളെ പരിവർത്തനപ്പെടുത്തുന്ന എല്ലാ വിധത്തിലും മുള്ള മാനുഷിക പ്രവർത്തനങ്ങളെ ഗൗരവമായി നേരിടണമെന്ന് അവർ താക്കീതുചെയ്യുന്നു. മനുഷ്യൻ ഭൂമിയുടെ ജൈവ വ്യവസ്ഥിതിയുടെ ഭാഗമാണ്. പ്രകൃതിക്കും ജീവസമൂഹങ്ങൾക്കും പരസ്പരാശ്രിതവും സന്ധിതവുമായ നിലനിൽപ്പാണുള്ളത്. ജീവന്റെ നിലനിൽപ്പിനും പ്രകൃതിയുടെ സന്തുലിതാവസ്ഥക്കും നേരെ വെല്ലുവിളികൾ ഉണ്ടാകുന്ന വർത്തമാനകാല സാഹചര്യത്തിലാണ് പരിസ്ഥിതിവാദം പ്രസക്തമാകുന്നത്. ഇരുപത്തിഒന്നാം നൂറ്റാണ്ടിൽ ഇത് ഏറെ ശ്രദ്ധയാർജ്ജിക്കും.

വിവിധ സ്ത്രീവാദപ്രസ്ഥാനങ്ങളുടെ സ്വീകാര്യങ്ങളായ ആശയങ്ങൾ ഉൾക്കൊള്ളുകയും സ്ത്രീയെയും പ്രകൃതിയെയും കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുകയും ചെയ്തുകൊണ്ടുള്ള ഒരു ആഗോളപ്രസ്ഥാനമായി മാറുകയാണ് പാരിസ്ഥിതിക സ്ത്രീവാദം.

സ്ത്രീയുടെയും പ്രകൃതിയുടെയും സർച്ചതോമുഖമായ സംയോജനമാണ് അതിന്റെ ലക്ഷ്യം. പ്രകൃതിയെ തിരിച്ചറിയുകയും പ്രകൃതിയുടെ പ്രശ്നങ്ങൾ മാനവരാശിയുടെ പ്രശ്നങ്ങളായി ഉൾക്കൊള്ളുകയും ചെയ്യുക വഴി പരിസ്ഥിതിവാദത്തെയും സ്ത്രീവാദത്തെയും സമത്വവാദത്തെയും മറ്റും സമന്വയിപ്പിക്കാനുള്ള പദ്ധതിയായി പാരിസ്ഥിതിക സ്ത്രീവാദത്തെ കാണാവുന്നതാണ്. മാനവസമൂഹത്തിൽ ദുരന്തങ്ങളും കഷ്ടതകളും കൈനീട്ടിസ്വീകരിക്കുന്നവർ അല്ലെങ്കിൽ സ്വീകരിക്കുവാൻ നിർബന്ധിതരാകുന്നവർ സ്ത്രീകളാണ്. ജീവന്റെയും നിലനിൽപ്പിന്റെയും പ്രശ്നങ്ങളാണ് അവർ സദാ അഭിമുഖീകരിക്കുന്നത്. പ്രകൃതിയുടെയും അതുവഴി മാനവികതയുടെയും നിലനില്പിന്റെ ഉത്തരവാദിത്തം പാരിസ്ഥിതിക സ്ത്രീവാദികൾ ഏറ്റെടുക്കുകയാണ്. സ്ത്രീയുടെയും പ്രകൃതിയുടെയും മേലുള്ള പുരുഷാധിപത്യത്തിനും അവർക്ക് നേരെയുള്ള പീഡനങ്ങൾക്കും കടന്നാക്രമണങ്ങൾക്കും എതിരെയുള്ള വിപ്ലവകരമായ ഒരു മുന്നേറ്റമാണ് അവർ നടത്തുന്നത്.

**91. പാരിസ്ഥിതിക സ്ത്രീവാദവുമായി ബന്ധപ്പെടാത്ത ഘടകമെത്?**

(1) സ്ത്രീവാദം

(2) സമത്വവാദം

(3) പ്രകൃത്യാരാധന

(4) പരിസ്ഥിതി

**92. ലോകത്ത് ദുരന്തങ്ങളും കഷ്ടതകളും സ്വീകരിക്കാൻ നിർബന്ധിതരാ-കുന്നത് ഏതു വിഭാഗ മാണെന്നാണ് നിരീക്ഷിക്കുന്നത്**

(1) പ്രകൃതി സ്നേഹികൾ

(2) തൊഴിലാളികൾ

(3) വിദ്യാർത്ഥികൾ

(4) സ്ത്രീകൾ

**93. ജോൺ മ്യൂർ ആരായിരുന്നു ?**

(1) പരിസ്ഥിതി പ്രവർത്തകൻ

(2) സാമൂഹിക പരിഷ്കർത്താവ്

(3) പ്രകൃതിസ്നേഹിയായ എഴുത്തുകാരി

(4) പ്രകൃതി വിജ്ഞാന ശാസ്ത്രജ്ഞ

94. പാരിസ്ഥിതിക സ്ത്രീവാദം വളർച്ച പ്രാപിച്ചത് എങ്ങനെയാണ് ?

(1) പരിസ്ഥിതി വാദ പ്രസ്ഥാനത്തിന്റെ ചുവടുപിടിച്ച്

(2) സ്ത്രീവാദത്തിന്റെ ചുവടുപിടിച്ച്

(3) പ്രകൃതിവിജ്ഞാനത്തിന്റെ ചുവടുപിടിച്ച്

(4) സമത്വവാദത്തിന്റെ ചുവടുപിടിച്ച്

95. അഭിമുഖീകരിക്കുക എന്നാൽ

(1) അഭിപ്രായപ്പെടുക

(2) നേരിടുക

(3) വിരോധം കാണിക്കുക

(4) ഒത്തുതീർപ്പാക്കുക

96. പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ലക്ഷ്യമായി ഖണ്ഡികയിൽ ഉയർത്തിക്കാട്ടുന്നതെന്താണ് ?

(1) പരിസ്ഥിതിവാദികളെ സംഘടിപ്പിക്കൽ

(2) സ്ത്രീവാദ പ്രസ്ഥാനങ്ങളുടെ സംയോജനം

(3) സ്ത്രീയുടെയും പ്രകൃതിയുടെയും സർവ്വതോമുഖമായ സംയോജനം

(4) പരിസ്ഥിതി വാദികളെയും സ്ത്രീവാദ പ്രസ്ഥാനക്കാരെയും സംയോജിപ്പിക്കൽ

97. 'ഗൗരവം' എന്ന പദത്തിന്റെ വിപരീതപദം ഏത് ?

(1) സഗൗരവം

(2) ആരവം

(3) ലാഘവം

(4) വിമുഖം

98. ഈ ഖണ്ഡികയിലെ മുഖ്യ പ്രതിപാദ്യം എന്ത് ?

(1) പ്രകൃതിസ്നേഹം

(2) സ്ത്രീവാദം

(3) പരിസ്ഥിതിവാദം

(4) പരിസ്ഥിതി സ്ത്രീവാദം

99. പ്രകൃതി വിജ്ഞാനത്തിന്റെ അടിസ്ഥാന വീക്ഷണമെന്താണ്.

(1) പ്രകൃതിയും ജീവസമൂഹങ്ങളും തമ്മിൽ പാരസ്പര്യ ബന്ധമുണ്ട്

(2) പ്രകൃതിയെ മാത്രം സംരക്ഷിക്കേണ്ടത് അനിവാര്യമാണ്

(3) പ്രകൃതി മനുഷ്യർക്ക് ചൂഷണം ചെയ്ത് സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ളതാണ്

(4) പ്രകൃതിയും മനുഷ്യരും തമ്മിൽ വലിയ ബന്ധമൊന്നുമില്ല

**താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (100-105) ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

കണ്ടിട്ടില്ല ഞാനീവിധം മലർ-
ച്ചെണ്ടുപോലൊരു മാനസം,
എന്തൊരദ്ഭുതപ്രേമസൗഭഗം!
എന്തൊരാദർശസൗരഭം!
ആ നിധി നേടാനാകയാൽ, സഖി,
ഞാനൊരു ഭാഗ്യശാലിനി!
സിദ്ധിയാണവൻ ശുദ്ധിയാണവൻ
സത്യസന്ധതയാണവൻ!
വിത്തമെന്തിനു, വിദ്യയെന്തിനാ
വിദ്യുതാംഗനു വേറിനി ?
ആടുമേയ്ക്കലും കാടകങ്ങളിൽ-
പ്പാടിയാടി നടക്കലും
ഒറ്റ ഞെട്ടിൽ വിടർന്നു സൗരഭം
മുറ്റിടും രണ്ടു പൂക്കൾപോൽ,
പ്രാണസോദരനായിടുമൊരു
ഗാനലോലനാം തോഴനും
വിശ്രമിക്കാൻ തണലെഴുമോരോ
പച്ചക്കുന്നും വനങ്ങളും

**100. ഭാഗ്യശാലിനിയാണെന്ന് നായിക സ്വയം കരുതുന്നതെന്തുകൊണ്ട് ?**

(1) ധനിക കുടുംബത്തിൽ ജനിച്ചതിനാൽ

(2) നായകനെ നേടാൻ കഴിഞ്ഞതിനാൽ

(3) നല്ല വിദ്യാഭ്യാസം ലഭിച്ചതിനാൽ

(4) വനഭംഗി കാണാൻ കഴിഞ്ഞതിനാൽ

**101. നായിക ഇതു വരെ കണ്ടിട്ടില്ലെന്നു പറയുന്ന തെന്താണ് ?**

(1) കാട്

(2) മലർച്ചെണ്ട്

(3) മനോഹര ഗാനം

(4) മനസ്സ്

**102. 'വിത്തം' എന്ന പദത്തിന്റെ അർത്ഥം എന്ത് ?**

(1) ധനം

(2) അറിവ്

(3) ഭാഗ്യം

(4) സുഗന്ധം

**103. ശുദ്ധി എന്ന പദത്തിന്റെ വിപരീത പദം ഏത് ?**

(1) വിശുദ്ധി

(2) പരിശുദ്ധി

(3) അശുദ്ധി

(4) വൃദ്ധി

**104. ഈ പദ്യഭാഗത്ത് പ്രകടമാകുന്ന ഭാവം ഏത് ?**

(1) പ്രണയം

(2) പ്രകൃതിസ്നേഹം

(3) ഗാന കൗതുകം

(4) വനഭംഗി

**105. സുഹൃത്തിന്റെ സ്വഭാവഗുണങ്ങളിൽ പെടാത്തത് ഏത് ?**

(1) സത്യസന്ധൻ

(2) ത്യാഗ ശീലൻ

(3) ശുദ്ധൻ

(4) ഗായകൻ

**നിർദ്ദേശങ്ങൾ : താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഏറ്റവും ഉചിതമായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

**106. വ്യാകരണം പഠിപ്പിക്കുന്നതിന് താഴെ കൊടുത്തവയിൽ ഏറ്റവും ഫലപ്രദമായ മാർഗമേത് ?**

(1) വ്യാകരണ നിയമങ്ങൾ ഉദാഹരണ സഹിതം പഠിപ്പിക്കുക.

(2) പാഠഭാഗം വിവർത്തനം ചെയ്തുകൊണ്ട് വ്യാകരണ നിയമങ്ങൾ പഠിപ്പിക്കുക.

(3) പ്രത്യേക വ്യാകരണഗ്രന്ഥമുപയോഗിച്ച് പഠിപ്പിക്കുക.

(4) സന്ദർഭാനുസൃതമായി വ്യാകരണ നിയമങ്ങളിലേക്ക് എത്തുന്ന രീതിയിൽ പഠിപ്പിക്കുക.

**107. 'സാമൂഹിക പരസ്പരവിനിമയം' എന്ന സങ്കല്പനം താഴെ കൊടുത്തവരിൽ ആരുമായി ബന്ധപ്പെട്ടതാണ് ?**

(1) പാണിനി

(2) സ്കിന്നർ

(3) വൈനോട്സ്കി

(4) കോൾബർഗ്

**108.** **താഴെ കൊടുത്തവയിൽ ഭാഷാർജ്ജനത്തിന് കുട്ടികളെ സഹായിക്കുന്നത് ഏത് ?**

(1) കുട്ടികൾക്ക് കൂടുതൽ സംസാരിക്കാൻ അനുവാദമില്ലാത്ത ഗൃഹാന്തരീക്ഷം

(2) വീട്ടിലും ചുറ്റുപാടിലും മുതിർന്നവർ സംസാരിക്കുന്നതു കേൾക്കൽ

(3) ശരിയായ ഉച്ചാരണങ്ങളും വാക്യങ്ങളും ആവർത്തിക്കാൻ കുട്ടികളോട് ആവശ്യപ്പെടൽ

(4) മറ്റുകുട്ടികളുമായി കളികളിലേർപ്പെടുന്നത്

**109.** **കുട്ടികൾ സ്വാഭാവികമായ രീതിയിൽ ഭാഷ സ്വായത്തമാക്കുന്നത് ?**

(1) ഒരു സമയത്ത് ഒരു ഭാഷ മാത്രം

(2) അടുത്ത സാഹചര്യങ്ങളിൽ ഒന്നിലധികം ഭാഷകൾ

(3) അച്ചടി ദൃശ്യ മാധ്യമങ്ങളിലൂടെ മാത്രം

(4) ആ ഭാഷയുടെ വ്യാകരണ ഘടന

**110.** **ഒരു പാഠം വായിക്കുമ്പോൾ പ്രാധാന്യമുള്ള തെന്ത് ?**

(1) പാഠത്തിലെ ഓരോ പദവും വായിക്കുന്നത്

(2) ചിഹ്നനത്തിൽ ശ്രദ്ധകൊടുത്തുള്ള വായന

(3) പാഠത്തിന്റെ അർത്ഥം ഗ്രഹിച്ചു കൊണ്ടുള്ളത്

(4) ഉച്ചാരണ ശുദ്ധിയോടെ ഉറക്കെ വായിക്കുന്നത്

**111.** **താഴെ കൊടുത്തവയിൽ ഭാഷാധ്യാപനത്തിന്റെ ലക്ഷ്യത്തിൽ പെടാത്തത് ഏത് ?**

(1) അർത്ഥം ഗ്രഹിച്ചുകൊണ്ടുള്ള വായനാ ശേഷി

(2) ആശയങ്ങൾ ആവിഷ്കരിക്കാനുള്ള പരിശ്രമം

(3) കേട്ടത് മനസ്സിലാക്കാനുള്ള കഴിവ്

(4) ഔചിത്യപൂർവ്വം എഴുതാനുള്ള കഴിവും വളർത്തൽ

**112. സ്വനപരമായ അവബോധം ഗാഢമായി ബന്ധപ്പെടുന്നത് ഏതുമായാണ് ?**

(1) ശ്രവണം

(2) ഭാഷണം

(3) വായന

(4) ലേഖനം

**113. ഭാഷയുടെ ഏതു ധർമ്മത്തിലാണ് കുട്ടികൾക്ക് സ്വാഭാവിക ക്ഷമതയുണ്ടെന്ന് നോാം ചോംസ്കി വിശ്വസിക്കുന്നത് ?**

(1) ആർജ്ജനം

(2) അനുകരണം

(3) പരിവർത്തനം

(4) വിവർത്തനം

**114. ഭാഷാനൈപുണികൾ അഭ്യസിപ്പിക്കേണ്ടത് ?**

(1) അനുകരണത്തിലൂടെ

(2) പ്രത്യേകമായി

(3) വിശദമായ വിവരണത്തിലൂടെ

(4) ഉദ്ഗ്രഥിതമായ രീതിയിൽ

**115. പ്രാരംഭദശയിലെ കുട്ടികളെ ടീച്ചർ ചിത്രം വരയ്ക്കാനും നിറം കൊടുക്കാനും പ്രോത്സാഹിപ്പിക്കുകയാണ്. ഇതിലൂടെ ടീച്ചർ ചെയ്യുന്നത്**

(1) ക്ലാസ്സിൽ ശാന്തത നിലനിർത്താൻ ശ്രമിക്കുന്നു.

(2) ശരീര ചേഷ്ട നൈപുണി വർദ്ധിപ്പിക്കുന്നു.

(3) ബാലകലാകാരന്മാരെ വളർത്തുന്നു.

(4) കുട്ടികളെ പ്രവൃത്തിയിൽ മുഴുകാൻ പ്രേരിപ്പിക്കുന്നു.

**116. വാചിക ഭാഷാ നൈപുണി വർദ്ധിപ്പിക്കുന്നതിന് താഴെ കൊടുത്തവയിൽ ഏതു മാർഗമാണ് ഏറ്റവും സഹായകമായത് ?**

(1) ഒറ്റയ്ക്കും കൂട്ടായും കവിത വായിപ്പിക്കുന്നത്

(2) കഥാപാത്രാഭിനയത്തിൽ പങ്കെടുപ്പിക്കുന്നത്

(3) ടീച്ചർ ഒരധ്യായം വായിച്ചശേഷം കുട്ടികളുടെ സാമൂഹിക പാരായണം

(4) ടീച്ചർ ഉച്ചരിച്ചതു കേട്ട് കുട്ടികൾ സമൂഹമായി ഉച്ചരിക്കുന്നത്

**117. അധ്യായത്തിൽ കൊടുത്ത ക്രമത്തിൽ കഥ വിവരിക്കാൻ മൂന്നാം ക്ലാസ്സിലെ ടീച്ചർ കുട്ടികളോട് ആവശ്യപ്പെടുന്നു. ഇത് സഹായിക്കുന്നത് :**

(1) വായനാ വധാരണം

(2) സുഗ്രഹമായ വായനാശേഷി

(3) ലേഖന നൈപുണി വർദ്ധിപ്പിക്കാൻ

(4) കുട്ടികളുടെ സംഭാഷണ സമയം കൂട്ടാൻ

**118. രണ്ടാം ക്ലാസ്സിലെ ടീച്ചർ ക്ലാസ്സിലെ വസ്തുക്കളിന്മേൽ ലേബൽ ഒട്ടിച്ച വെച്ചു. എഴുതിയ വാക്കിനെ യഥാർത്ഥ വസ്തുവുമായി ബന്ധിപ്പിക്കാൻ ഇത് കുട്ടികളെ സഹായിക്കും. ഇത്തരത്തിലുള്ള പ്രവൃത്തികൾ കുട്ടികളുടെ ഏതു ശേഷിയെ വളർത്താൻ ഉപകരിക്കുന്നു ?**

(1) വ്യാകരണം

(2) ലേഖന നൈപുണി

(3) പദസഞ്ചയം

(4) കൈയെഴുത്ത്

**119. താഴെ കൊടുത്തവയിൽ കുട്ടിയുടെ ഭാഷാനൈപുണി വിലയിരുത്തുന്നതിന് ഏറ്റവും കുറച്ച് ഫലപ്രദമായത് ഏത് ?**

(1) കഥാകഥനം

(2) കഥാലേഖനം

(3) സംഭവവിരണം

(4) കേട്ടെഴുത്ത്

**120. കുട്ടികളുടെ ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിന് താഴെ കൊടുത്തവയിൽ ഏതുതരം ചോദ്യങ്ങളാണ് ഏറ്റവും സഹായകമായത് ?**

(1) നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട പുസ്തകത്തിന്റെ പേരു പറയുക.

(2) 'പ്രിഫർ' എന്ന വാക്കുപയോഗിച്ച് ഒരു വാക്യമുണ്ടാക്കുക.

(3) നിങ്ങളും അമ്മയുമായുള്ള ഒരു സംഭാഷണം തയ്യാറാക്കുക.

(4) നിങ്ങൾ വായിച്ച കവിതയുടെ രചയിതാവിന്റെ പേരു പറയുക.

**ഭാഷ II മലയാളം** തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം V (ചോദ്യങ്ങൾ 121-150)** ഉത്തരമെഴുതുക.

Candidates should attempt the questions from **Part-V [Q. No. 121 – 150],** if they have opted **MALAYALAM** as **LANGUAGE – II** only.

ഭാഗം – V
ഭാഷ – II
മലയാളം

**ഭാഷ – II മലയാളം തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം ഭാഗം – V (ചോദ്യങ്ങൾ 121-150) ഉത്തരമെഴുതുക.**

**താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (121-128) ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

അമേരിക്ക 1945 ൽ ഹിരോഷിമയിലും, നാഗസാക്കിയിലും, നടത്തിയ ബോംബ് സ്ഫോടനങ്ങൾക്ക് ശേഷം അണു എല്ലാവരുടേയും പേടിസ്വപ്നമാണ്. വ്യത്യസ്ത ലക്ഷ്യങ്ങളോടെയുള്ള ആണവായുധങ്ങൾ നിർമ്മിക്കുന്നതിൽ എക്കാലത്തും പ്രാഗൽഭ്യം കാണിച്ച അമേരിക്ക മറ്റ് രാജ്യങ്ങൾ ആണ വായുധങ്ങൾ സ്വായത്തമാക്കുന്നത് തടയുന്നതിനായുള്ള തന്ത്രങ്ങളും മെനഞ്ഞുകൊണ്ടിരുന്നു. പി.ടി.ബി.ടി (ഭാഗിക പരീക്ഷണ നിരോധന കരാർ), എൻ. പി.ടി. (നിർവ്യാപന കരാർ) സി.ടി.ബി.ടി (സമ്പൂർണ്ണ പരീക്ഷണ നിരോധന കരാർ) തുടങ്ങിയവയെല്ലാം ഈ ലക്ഷ്യങ്ങളോടെയുള്ളവയായിരുന്നു. മറ്റു രാജ്യങ്ങൾ ഭൗമോപരിതലത്തിൽ അണുപരീക്ഷണങ്ങൾ നടത്താൻ പ്രാപ്തരായെന്ന് കണ്ട ഉടൻ ഭൗമോപരിതലത്തിലെ അണുപരീക്ഷണങ്ങൾ തടഞ്ഞുകൊണ്ട് 1968 ൽ പാർഷ്യൽ ടെസ്റ്റ് ബാൻ ട്രീറ്റി കൊണ്ടുവന്നു. അമേരിക്കയാവട്ടെ അതിവിദഗ്ധമായി സമുദ്രങ്ങളുടെ അടിത്തട്ടിൽ അണു പരീക്ഷണങ്ങൾ നടത്തി. ഇതേതന്ത്രം മറ്റ് രാജ്യങ്ങളും പിന്തുടരുമെന്ന് കണ്ടപ്പോൾ ഐക്യരാഷ്ട്ര സംഘടന മുഖേന എൻ.പി.ടി. (ന്യൂക്ലിയർ പ്രോളിഫെറേഷൻ ട്രീറ്റി) അടിച്ചേൽപ്പിച്ചു. ഭൂമിയിലേയും, കടലിലേയും, പരീക്ഷണങ്ങൾ നിർത്തിവെച്ച അമേരിക്ക കമ്പ്യൂട്ടർ സാങ്കേതിക വിദ്യ ഉപയോഗിച്ച് പരീക്ഷണങ്ങൾ തുടർന്നു. മറ്റു രാജ്യങ്ങൾ ഇതേവഴി അവലംബിക്കാൻ തുടങ്ങിയപ്പോൾ എല്ലാ തരത്തിലുള്ള അണുപരീക്ഷണങ്ങളും പൂർണ്ണമായും തടയുന്നതിനായി 1998ൽ സി.ടി.ബി.ടി (കോമ്പ്രഹെൻസീവ് ടെസ്റ്റ് ബാൻ ട്രീറ്റി)

കൊണ്ടുവന്നു. എന്നാൽ അമേരിക്കയുടെ ഇത്തരം തന്ത്രങ്ങളെയെല്ലാം ധീരമായി ചെറുത്തു നിൽക്കുകയും ആത്മാഭിമാനത്തോടെ ചോദ്യം ചെയ്യുകയും ചെയ്തിരുന്ന രാജ്യമായിരുന്നു ഇന്ത്യ. മറ്റ് ലോക രാജ്യങ്ങൾക്കും ഇന്ത്യ പ്രേരക ശക്തിയായി. ഇന്ത്യ ആണവ ശക്തിയാണ്. പ്രതിരോധ ആവശ്യാർത്ഥം ആണവായുധങ്ങൾ നമ്മുടെ പക്കലുണ്ട്. എന്നാൽ, ആദ്യം അണുവായുധങ്ങൾ പ്രയോഗിക്കില്ലെന്ന് പ്രഖ്യാപിച്ച രാജ്യമാണ് ഇന്ത്യ. പൊഖ്റാൻ അണുവിസ്ഫോടനത്തിന് ശേഷം ആണവായുദ്ധ പരിപാടി ഇന്ത്യ മരവിപ്പിച്ച് നിർത്തിയിരിക്കയാണ്. എന്നാൽ എപ്പോൾ വേണമെങ്കിലും ഈ നിലപാട് മാറ്റാൻ അധികാരവും അവകാശവുമുണ്ട്.

**121. സി.ടി.ബി.ടി എന്നതിന്റെ പൂർണ്ണ രൂപം**

(1) കോംപ്രിഹെൻസീവി ട്രീറ്റി ബാൻ ടെസ്റ്റ്

(2) കംപാരറ്റീവ് ടെസ്റ്റ് ബാൻ ട്രീറ്റി

(3) കൺസർവേറ്റീവ് ടെസ്റ്റ് ബാൻ ട്രീറ്റി

(4) കോംപ്രിഹൻസീവ് ടെസ്റ്റ് ബാൻ ട്രീറ്റി

**122. ആണവനിർവ്യാപന കരാറിന്റെ ചുരുക്കരൂപം ഏത് ?**

(1) പി.ടി.ബി.ടി.

(2) എൻ.പി.ടി.

(3) എൻ.ടി.പി.സി.

(4) സി.ടി.ബി.ടി.

**123. അണുപരീക്ഷണം പൂർണ്ണമായും തടയുന്നതിന് ഐക്യരാഷ്ട്ര സംഘടന കൊണ്ടു വന്ന കരാർ ഏത് ?**

(1) എൻ.പി.ടി.

(2) പി.ടി.ബി.ടി.

(3) സി.ടി.ബി.ടി.

(4) സി.ഒ.ടി.ബി.

**124. ഇന്ത്യ അണുവിസ്ഫോടനം നടത്തിയ സ്ഥലം**

(1) താരാപ്പൂർ

(2) ട്രോംബേ

(3) പൊഖ്റാൻ

(4) മുംബൈ

125. അമേരിക്ക കമ്പ്യൂട്ടർ സാങ്കേതികവിദ്യ ഉപയോഗിച്ച് പരീക്ഷണങ്ങൾ നടത്താൻ തുടങ്ങിയതെപ്പോൾ ?

(1) ഭൗമോപരിതലത്തിൽ അണുപരീക്ഷണം നടത്തുമ്പോൾ

(2) ഭൗമോപരിതലത്തിൽ അണു പരീക്ഷണം തടഞ്ഞപ്പോൾ

(3) കടലിലെ പരീക്ഷണം നിർത്തിവെച്ചപ്പോൾ

(4) ഭൂമിയിലെയും കടലിലെയും പരീക്ഷണം നിർത്തിവെച്ചപ്പോൾ

126. ആദ്യം അണുവായുദ്ധം പ്രയോഗിക്കില്ലെന്ന് പ്രഖ്യാപിച്ച രാജ്യം ഏത് ?

(1) ഇന്ത്യ

(2) അമേരിക്ക

(3) റഷ്യ

(4) ജപ്പാൻ

127. 'അഭിമാനം' എന്ന പദത്തിന്റെ വിപരീത പദം ഏത് ?

(1) അഭിനയം

(2) അപമാനം

(3) സമ്മാനം

(4) കുറിമാനം

128. ഭാഗിക പരീക്ഷണ നിരോധന കരാർ നിലവിൽ വന്ന് വർഷം ഏത് ?

(1) 1945

(2) 1961

(3) 1968

(4) 1998

**താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (129-135) ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക :**

കലാകാരൻ കലയുടെ ലക്ഷ്യമായി പറയാറുള്ളത് ആത്മാവിഷ്കരണമാണ്. അയാളുടെ ഉള്ളിൽ ചില അനുഭൂതികൾ വീണു മുളയെടുത്തിരിയ്ക്കുന്നു. അവയെ ആവിഷ്കരിച്ചില്ലെങ്കിൽ അയാൾക്കൊരു വീർപ്പുമുട്ടാണ്. എന്നാൽ ഈ അനുഭൂതികളെ എങ്ങിനെയെങ്കിലും ആവിഷ്കരിച്ചാൽ മതിയോ ? പോരാ, ഈ അനുഭൂതി കൾക്ക് ഒരു നിശ്ചിതമായ രൂപം കൊടുക്കേണ്ടിയിരിയ്ക്കുന്നു.

അനുഭൂതികൾക്ക് നൽകേണ്ട രൂപത്തെപ്പറ്റി 'നിശ്ചിതമെന്നു പറഞ്ഞതുകൊണ്ട്, അതിന്നുള്ള വ്യവസ്ഥകളെല്ലാം മുൻക്കൂട്ടി എഴു തിവെച്ചിരിയ്ക്കുന്നുവെന്ന് അർത്ഥമാക്കരുത്. അതു നിശ്ചിതമെങ്കിലും, അപ്പപ്പോൾ തീരുമാനിയ്ക്കേണ്ടതാണ്. ഓരോ കലാകാരനും താനുണ്ടാക്കുന്ന കലാവസ്തുവിന്റെ (അതൊരു ചിത്രമോ, ഗാനമോ, നൃത്തമോ, കാവ്യമോ, പ്രതിമയോ, കെട്ടിടമോ ആകട്ടെ) രൂപം അപ്പോഴപ്പോൾ നിശ്ചയിയ്ക്കേണ്ടി-യിരിയ്ക്കുന്നു. ആകപ്പാടെയുള്ള ഒരു പൂർണ്ണതാബോധമാണ് ഈ രൂപത്തിന്റെ മാനദണ്ഡം. അതിൽനിന്നു ചില ഘടകങ്ങൾ എടുത്തുകളഞ്ഞാൽ എന്തോ ഒരു മുഴുവനാവായ്മ തോന്നും-നാലു പാദങ്ങളുള്ള ഒരു ശ്ലോകം മൂന്നു വരിയായി നിർത്തിയാലത്തെ ഒരസുഖം. തന്റെ അനുഭൂതികൾക്കു പൂർണ്ണരൂപം കൊടുക്കലാണ് കലാകാരന്റെ ഉദ്ദേശമെന്ന് ഇതിൽ നിന്ന് സ്പഷ്ടമായല്ലോ.

ആസ്വാദകന്റെ ഉദ്ദേശവും ഇതിൽനിന്ന് ഏറെ വിഭിന്നമല്ല. തന്റേതാകാൻ വിരോധമില്ലാത്ത, അന്യനിൽനിന്നു തുടങ്ങിയവയെങ്കിലും കലാസ്വാദനകാലത്തിൽ തന്റേതായിത്തീർന്ന, അനുഭൂതികളുടെ പൂർണ്ണത്വദർശനമാണ് ആസ്വാദകന്നുമുണ്ടാകുന്നത്. അനുഭവവേദ്യമായ ഈ പൂർണ്ണത്വത്തെത്തന്നെയാണ് സൗന്ദര്യമെന്നു പറയുന്നതും.

**129. അനുഭൂതികൾ ആവിഷ്കരിക്കാൻ കഴിഞ്ഞില്ലെങ്കിൽ കലാകാരന് എന്തു സംഭവിക്കുമെന്നാണ് നിരീക്ഷിക്കുന്നത് ?**

(1) മാനസിക വിഭ്രാന്തി ഉണ്ടാകും

(2) വീർപ്പുമുട്ടലുണ്ടാകും

(3) രോഗ ഗ്രസ്ഥ നായിത്തീരും

(4) വിഷാദമഗ്നനാകും

130. എത്ര പാദങ്ങളുള്ളതാണ് ഒരു ശ്ലോകം

(1) 2

(2) 3

(3) 4

(4) 8

131. പൂർണ്ണം എന്നതിന്റെ വിപരീത പദം എന്ത് ?

(1) സമ്പൂർണ്ണം

(2) അപൂർണ്ണം

(3) പൂർണ്ണത

(4) അവ്യക്തം

132. സൗന്ദര്യത്തെ വിശേഷിപ്പിച്ചിരിക്കുന്നത് എങ്ങനെ ?

(1) അനുഭൂതികളുടെ നിശ്ചിതത്വം

(2) അനുഭൂതികളുടെ ആവിഷ്കാരം

(3) അനുഭൂതികളുടെ പൂർണ്ണത്വം

(4) അനുഭൂതികളുടെ തിരസ്കാരം

133. സ്പഷ്ടം എന്ന പദത്തിന്റെ അർത്ഥം എന്ത് ?

(1) സ്പർശനം

(2) ഇഷ്ടം

(3) കഷ്ടപ്പാട്

(4) വ്യക്തം

134. ആത്മാവിഷ്കരണം സമാസം ഏത് ?

(1) ബഹുവ്രീഹി

(2) തത്പുരുഷൻ

(3) കർമ്മധാരയൻ

(4) അവ്യയീഭാവൻ

135. കലാകാരന്റെ വീക്ഷണമനുസരിച്ച് കലയുടെ ലക്ഷ്യമെന്താണ് ?

(1) സൗന്ദര്യാവിഷ്കരണം

(2) ജീവിതാവിഷ്കരണം

(3) ആശയാവിഷ്കരണം

(4) ആത്മാവിഷ്കരണം

**നിർദ്ദേശങ്ങൾ : താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഏറ്റവും ഉചിതമായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

**136. താഴെ കൊടുത്തവയിൽ കുട്ടിയുടെ ഭാഷാർജ്ജനത്തിൽ മുഖ്യ പങ്കുവഹിക്കുന്നത് ഏത് ?**

(1) ടീച്ചർ

(2) കുടുംബം

(3) സ്ക്കൂൾ

(4) മാധ്യമങ്ങൾ

**137. വ്യാകരണനിയമങ്ങൾ ഹൃദിസ്ഥമാക്കുക എന്നത് താഴെ കൊടുത്തവയിൽ ഏതു രീതിയുടെ പ്രമാണമാണ് ?**

(1) ഘടനാത്മക സമീപനം

(2) ഋജു രീതി

(3) വ്യാകരണ വിവർത്തന രീതി

(4) സ്വാഭാവിക രീതി

**138. താഴെ കൊടുത്തവയിൽ ഭാഷാ പഠനപ്രക്രിയയിൽ പ്രാധാന്യം തീരെ കുറഞ്ഞത് ഏത് ?**

(1) പ്രചോദനം

(2) ആത്മവിശ്വാസം

(3) പഠനാഭിമുഖ്യം

(4) വിവർത്തനം

**139. കുട്ടികളെ എഴുത്ത് അഭ്യസിപ്പിക്കുന്നതിന് ഒരു ടീച്ചർ എന്ന നിലയിൽ നിങ്ങൾ എന്തു ചെയ്യും ?**

(1) ഭാഷയിലെ അക്ഷരമാല എഴുതാൻ കുട്ടികളോടു പറയും

(2) അവർക്കു മനസ്സിൽ തോന്നുന്നത് എഴുതാൻ പറയും

(3) ഒരു ഖണ്ഡിക ഓർത്തുവെച്ച് നല്ലകൈയക്ഷരത്തിൽ എഴുതാൻ പറയും.

(4) ബോർഡിൽ എഴുതിയ അക്ഷരങ്ങൾ പകർത്തിയെഴുതാൻ അവസരം നൽകും.

**140. വിദ്യാർത്ഥികൾക്കുള്ള പഠന-പാഠന സാമഗ്രികൾ (TLM) തെരെഞ്ഞടുക്കുമ്പോൾ ശ്രദ്ധിക്കേണ്ടതെന്ത് ?**

(1) അവ അടുത്തുള്ള മാർക്കറ്റിൽ ലഭ്യമാകണം

(2) അവ വിലയേറിയതാകരുത്

(3) അവ കുട്ടികളുടെ സൃഷ്ടികളായിരിക്കണം

(4) സന്ദർഭത്തിനു യോജിച്ചതും സമഗ്രതയിൽ ഉപയോഗിക്കാവുന്നതുമാകണം.

**141. രണ്ടാം ക്ലാസ്സിലെ ചില കുട്ടികൾക്ക് ചില സ്വനിമങ്ങൾ ഉച്ചരിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാകുന്നു. അവരുടെ പ്രശ്നം പരിഹരിക്കുന്നതിന് താഴെ കൊടുത്തവയിൽ ഏതു രീതിയാണ് ഫലപ്രദമായത് ?**

(1) വായയുടെ മാതൃക ഉപയോഗിച്ച് ഓരോ സ്വനിമത്തിന്റെയും ഉച്ചാരണസ്ഥാനം കാണിച്ചു കൊടുക്കണം.

(2) ഉച്ചാരണസാമ്യമുള്ള വാക്കുകളുടെ സൂക്ഷ്മജോടികൾ ഉപയോഗിച്ച് വാക്കുകളിലെ സ്വനിമങ്ങളെ വേർതിരിച്ചു കാണിക്കണം.

(3) പാഠം ഉറക്കെ വായിച്ച് സ്വനിമങ്ങളുടെ പ്രയോഗത്തിൽ ഊന്നിക്കൊണ്ട് വിശദീകരിക്കണം.

(4) അഭ്യാസത്തിലൂടെയും പരിശീലനത്തിലൂടെയും പ്രശ്ന പരിഹാരത്തിന് തുടർച്ചയായി പരിശ്രമിക്കണം.

**142. വ്യാകരണനിയമങ്ങളിൽ ഊന്നുകയും ധാരാളം ഉദാഹരണങ്ങൾ നല്കുകയും ചെയ്യുന്ന അധ്യാപന രീതി ഏത് ?**

(1) ആഗമന രീതി

(2) നിഗമന രീതി

(3) വ്യാകരണ വിവർത്തന രീതി

(4) ഋജു രീതി

**143. പഠിതാക്കൾ ഭാഷ സ്വായത്തമാക്കുന്നത്**

(1) സ്വാഭാവികമായി പരസ്പര വിനിമയാന്തരീക്ഷത്തിൽ ഭാഷ പ്രയോഗിച്ചുകൊണ്ട്

(2) ഭാഷയുടെ ഘടന അപഗ്രഥിച്ചുകൊണ്ട്

(3) ഭാഷയിലെ സാഹിത്യകൃതികളുടെ വായനയിലൂടെ

(4) ഭാഷ സംസാരിക്കുന്നവരുടെ സംസ്കാരത്തെ ക്കുറിച്ചു മനസ്സിലാക്കുന്നതിലൂടെ

**144. താഴെ കൊടുത്തവയിൽ പേശീചലന നൈപുണിക്ക് ഉദാഹരണമേത് (Fine Motor Skill)**

(1) കയറൽ

(2) ചാടൽ

(3) എഴുതൽ

(4) വായിക്കൽ

**145. ക്ലാസ്സിൽ ബഹുഭാഷിത്വം വളർത്തുന്നതിന് താഴെ കൊടുത്തവയിൽ ഏതു ചോദ്യമാണ് ചോദിക്കാവുന്നത് ?**

(1) ബലൂണുകൾ എത്ര ഉയരത്തിൽവരെ പറക്കും ?

(2) സ്വന്തം ഭാഷയിലെ പച്ചക്കറികളുടെ പേര് എഴുതുക.

(3) നിങ്ങളുടെ ഇഷ്ടമൃഗം ഏതാണ് ?

(4) നിങ്ങൾ എഴുത്തുകൾ എഴുതാറുണ്ടോ ?

**146. താഴ്ന്ന ക്ലാസ്സുകളിൽ റൈമുകൾ ധാരാളം ഉപയോഗിക്കണം. കാരണം അവ :**

(1) ലക്ഷ്യഭാഷ സംസാരിക്കാൻ പഠിതാക്കാൾക്ക് അവസരമുണ്ടാക്കുന്നു.

(2) പഠിതാക്കളിൽ അച്ചടക്ക ബോധമുണ്ടാക്കുന്നു.

(3) ലക്ഷ്യ ഭാഷയുടെ വ്യാകരണം പഠിക്കാൻ പഠിതാക്കളെ സഹായിക്കുന്നു.

(4) പ്രയാസമുള്ള വാക്കുകൾ മനസ്സിലാക്കാനും തുടർന്ന് വാക്യങ്ങളുണ്ടാക്കാനും സഹായിക്കുന്നു.

**147. ശ്രവണവുമായി ബന്ധപ്പെട്ട പ്രവർത്തനം ക്ലാസ്സിൽ സംഘടിപ്പിക്കാൻ ടീച്ചർ തീരുമാനിക്കുന്നു. അതിന്റെ മുന്നൊരുക്കമായി കുട്ടികളിൽ താല്പര്യമുണർത്താനും ചർച്ചചെയ്യാനുമായി ചില ചോദ്യങ്ങൾ തയ്യാറാക്കുന്നു. ഈ തയ്യാറെടുപ്പിനെ എന്തു വിളിക്കുന്നു ?**

(1) ശ്രവണ പൂർവ്വ പ്രവർത്തനം

(2) ശ്രവണ പ്രവർത്തനം

(3) ശ്രവണാനന്തര പ്രവർത്തനം

(4) ശ്രവണ പ്രവർത്തന ശേഷമുള്ളത്

**148. ഭാഷാക്ലാസ്സിൽ ചിത്രങ്ങളും പോസ്റ്ററുകളും ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് താഴെ കൊടുത്തവയിൽ ശരിയല്ലാത്ത പ്രസ്താവമേത് ?**

(1) ചിത്രങ്ങൾ നിരീക്ഷിക്കാൻ കുട്ടികൾക്ക് അവസരമുണ്ടാക്കുന്നു.

(2) ചിത്രങ്ങളെ ആധാരമാക്കി സ്വന്തമായി ആവിഷ്കരിക്കാനും എഴുതാനുമുള്ള അവസരമുണ്ടാക്കുന്നു.

(3) ക്ലാസ്സിലെ കുട്ടികളെ ഭാവനാലോകത്തേക്കാനയിക്കാനും സർഗാത്മകത വർദ്ധിപ്പിക്കാനും സഹായിക്കുന്നു.

(4) കുട്ടികളുടെ ശ്രവണനൈപുണി വർദ്ധിപ്പിക്കാൻ അവസരം സൃഷ്ടിക്കുന്നു.

**149. സാക്ഷരത വികസിക്കുന്ന ഘട്ടത്തിലും എഴുത്തിൽ ഉൾപ്പെടുന്നത് ഏത് ?**

(1) അക്ഷരം എഴുതുന്നത്

(2) വാക്കുകൾ എഴുതുന്നത്

(3) വാക്യം എഴുതുന്നത്

(4) ചിത്രം വരയ്ക്കുന്നത്

**150. പഠിതാവിന്റെ ഭാഷാപ്രയോഗം വിലയിരുത്തുന്നതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഏത് ?**

(1) ചെക്ക് ലിസ്റ്റ്

(2) വിലയിരുത്തൽക്രമം

(3) പോർട്ട് ഫോളിയോ

(4) പരസ്പര വിനിമയം

## SPACE FOR ROUGH WORK

**താഴെ തന്നിരിക്കുന്ന നിർദ്ദേശങ്ങൾ സശ്രദ്ധം വായിക്കുക :**

1. വിവിധ ചോദ്യങ്ങൾക്ക് ഉത്തരമെഴുതേണ്ടവിധം പരീക്ഷാ പുസ്തികയിൽ നൽകിയിരിക്കുന്നത് ശ്രദ്ധിച്ചു വായിച്ചശേഷം ഉത്തരമെഴുതാൻ തുടങ്ങുക.
2. ഓരോ ചോദ്യത്തിനും നാലു പക്ഷാന്തരങ്ങൾ തന്നിരിക്കുന്നു, അവയിൽ ശരിയുത്തരത്തിനുള്ള വട്ടത്തിൽ OMR ഉത്തരക്കടലാസ്സിൽ നീല പേനകൊണ്ട് പൂർണ്ണമായും നിറച്ച് രേഖപ്പെടുത്തുക. ഒരിയ്ക്കൽ രേഖപ്പെടുത്തിയ ഉത്തരം മാറ്റാവുന്നതല്ല.
3. ഉത്തരക്കടലാസ്സ് മടക്കരുത്. അതിൽ അനാവശ്യമായ രേഖപ്പെടുത്തലുകളോ മറ്റോ ഇല്ലെന്ന പരീക്ഷാർത്ഥികൾ ഉറപ്പു വരുത്തുക. നിർദ്ദേശിച്ച ഇടത്തല്ലാതെ മറ്റൊരിടത്തും സ്വന്തം റോൾ നമ്പർ എഴുതരുത്.
4. പരീക്ഷാ പുസ്തിക സൂക്ഷിച്ച് കൈകാര്യം ചെയ്യുക. യാതൊരു കാരണവശാലും (പരീക്ഷാ പുസ്തിക സങ്കേതമോ ഉത്തരക്കടലാസ്സിലെ സങ്കേതമോ തമ്മിലുള്ള അപാകതയൊഴിച്ച്) മറ്റൊരു സെറ്റ് ലഭിക്കുന്നതല്ല.
5. ഹാജർ ഷീറ്റിൽ ശരിയായ പരീക്ഷാ പുസ്തിക സങ്കേതവും ഉത്തരക്കടലാസ്സ് സങ്കേതവും പരീക്ഷാർത്ഥി എഴുതിയിരിക്കണം.
6. OMR ഉത്തരക്കടലാസ് പരിശോധിക്കുന്നത് ഒരു യന്ത്രമായതിനാൽ സൂചനകൾ അപൂർണ്ണമോ അഡ്മിറ്റ് കാർഡിൽ നിന്നു വ്യത്യസ്തമോ ആവരുത്.
7. അഡ്മിറ്റ് കാർഡ് ഒഴിച്ച് അച്ചടിച്ചതോ എഴുതിയതോ ആയ യാതൊരു പ്രമാണമോ, കടലാസ്സുകഷ്ണങ്ങളോ, പേജറോ, മൊബൈൽ ഫോണോ വൈദ്യുതി ഉപകരണങ്ങളോ മറ്റൊരു വസ്തുവും പരീക്ഷാർത്ഥിയുടെ കൈവശം ഉണ്ടാവരുത്.
8. മൊബൈൽ ഫോണോ മറ്റു വയർലസ് സംവിധാനങ്ങളോ (സ്വിച്ച് ഓഫ് മോഡിൽപോലും) നിരോധിക്കപ്പെട്ട വസ്തുക്കളോ പരീക്ഷാ ഹാളിൽ കൊണ്ടു വരരുത്. ഈ നിർദ്ദേശത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നത് പരീക്ഷാ ക്രമക്കേടിന്റെ ഭാഗമായി കണക്കാക്കി അവർക്കെതിരെ പരീക്ഷാ റദ്ദാക്കുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
9. ആവശ്യപ്പെട്ടാൽ ഇൻവിജിലേറ്ററിന് അഡ്മിറ്റ് കാർഡ് കാണിക്കേണ്ടതാണ്.
10. സെന്റർ സൂപ്രണ്ടിന്റെയോ/ഇൻവിജിലേറ്ററിന്റെയോ പ്രത്യേക അനുമതിയില്ലാതെ പരീക്ഷാർത്ഥി സ്വന്തം ഇരിപ്പിടം വിടരുത്.
11. ഹാജർഷീറ്റ് രണ്ടു തവണ ഒപ്പിടുകയും ഉത്തരക്കടലാസ്സ് തിരിച്ച് ഇൻവിജിലേറ്ററിനെ ഏല്പിക്കുകയും ചെയ്യാതെ പരീക്ഷാർത്ഥി പരീക്ഷാ ഹാൾ വിടരുത്. രണ്ടാം പ്രാവശ്യം ഹാജർ ഷീറ്റു ഒപ്പിടാത്ത കേസുകൾ ഉത്തരക്കടലാസ്സ് ഏല്പിക്കാത്തതായും, ക്രമക്കേടുകാട്ടിയതായും കണക്കാക്കും.
12. ഇലക്ട്രോണിക്/മാനുഷിക കാൽക്കുലേറ്റർ നിരോധിച്ചിരിക്കുന്നു.
13. ബോർഡിന്റെ എല്ലാ നിയമങ്ങളും നിബന്ധനകളും പരീക്ഷാർത്ഥിക്ക് ബാധകമാണ്. എല്ലാവിധ ക്രമക്കേടുകളിലും ബോർഡിന്റെ നിയമവും നിബന്ധനയും അനുസരിച്ച് ഇടപെടുന്നതായിരിക്കും.
14. പരീക്ഷാ പുസ്തികയുടെയും ഉത്തരക്കടലാസ്സിന്റെയും യാതൊരു അംശവും വേർപെടുത്തുവാൻ പാടില്ല.
15. പരീക്ഷ എഴുതിക്കഴിഞ്ഞാൽ പരീക്ഷാർത്ഥികൾ ഉത്തരക്കടലാസ്സ് ഇൻവിജിലേറ്ററിനെ ഏല്പിച്ചിരിയ്ക്കണം. ഈ പുസ്തിക പരീക്ഷാർത്ഥിക്ക് കൂടെ കൊണ്ടുപോകാവുന്നതാണ്.

**निम्नलिखित निर्देशों को ध्यान से पढ़ें :**

1. जिस प्रकार से विभिन्न प्रश्नों के उत्तर दिए जाने हैं उसका वर्णन परीक्षा पुस्तिका में किया गया है, जिसे आप प्रश्नों का उत्तर देने से पहले ध्यान से पढ़ लें ।
2. प्रत्येक प्रश्न के लिए दिए गए चार विकल्पों में से सही उत्तर के लिए OMR उत्तर पत्र के **पृष्ठ-2** पर केवल एक वृत्त को ही पूरी तरह **काले/नीले बॉल पॉइन्ट पेन** से भरें । एक बार उत्तर अंकित करने के बाद उसे बदला नहीं जा सकता है ।
3. परीक्षार्थी सुनिश्चित करें कि इस उत्तर पत्र को मोड़ा न जाए एवं उस पर कोई अन्य निशान न लगाएँ । परीक्षार्थी अपना अनुक्रमांक उत्तर-पत्र में निर्धारित स्थान के अतिरिक्त अन्यत्र न लिखें ।
4. परीक्षा पुस्तिका एवं उत्तर पत्र का ध्यानपूर्वक प्रयोग करें, क्योंकि किसी भी परिस्थिति में (केवल परीक्षा पुस्तिका एवं उत्तर पत्र के संकेत या संख्या में भिन्नता की स्थिति को छोड़कर) दूसरी परीक्षा पुस्तिका उपलब्ध नहीं करायी जाएगी ।
5. परीक्षा पुस्तिका / उत्तर पत्र में दिए गए परीक्षा पुस्तिका संकेत व संख्या को परीक्षार्थी सही तरीके से हाज़िरी-पत्र में लिखें ।
6. OMR उत्तर पत्र में कोडित जानकारी को एक मशीन पढ़ेगी । इसलिए कोई भी सूचना अधूरी न छोड़ें और यह प्रवेश-पत्र में दी गई सूचना से भिन्न नहीं होनी चाहिए ।
7. परीक्षार्थी द्वारा परीक्षा हॉल/कक्ष में प्रवेश-पत्र के सिवाय किसी प्रकार की पाठ्य-सामग्री, मुद्रित या हस्तलिखित, कागज़ की पर्चियाँ, पेजर, मोबाइल फोन, इलेक्ट्रॉनिक उपकरण या किसी अन्य प्रकार की सामग्री को ले जाने या उपयोग करने की अनुमति नहीं है ।
8. मोबाइल फोन, बेतार संचार युक्तियाँ (स्वीच ऑफ अवस्था में भी) और अन्य प्रतिबंधित वस्तुएँ परीक्षा हॉल/कक्ष में नहीं लाई जानी चाहिए । इस सूचना का पालन न होने पर इसे परीक्षा में अनुचित साधनों का प्रयोग माना जाएगा और उनके विरुद्ध कार्यवाही की जाएगी, परीक्षा रद्द करने सहित ।
9. पूछे जाने पर प्रत्येक परीक्षार्थी, निरीक्षक को अपना प्रवेश-पत्र दिखाएँ ।
10. केन्द्र अधीक्षक या निरीक्षक की विशेष अनुमति के बिना कोई परीक्षार्थी अपना स्थान न छोड़ें ।
11. कार्यरत निरीक्षक को अपना उत्तर पत्र दिए बिना एवं हाज़िरी-पत्र पर दुबारा हस्ताक्षर किए बिना परीक्षार्थी परीक्षा हॉल/कक्ष नहीं छोड़ेंगे । यदि किसी परीक्षार्थी ने दूसरी बार हाज़िरी-पत्र पर हस्ताक्षर नहीं किए, तो यह माना जाएगा कि उसने उत्तर पत्र नहीं लौटाया है और यह अनुचित साधन का मामला माना जाएगा । **परीक्षार्थी अपने बाएँ हाथ के अंगूठे का निशान हाज़िरी-पत्र में दिए गए स्थान पर अवश्य लगाएँ ।**
12. इलेक्ट्रॉनिक / हस्तचालित परिकलक का उपयोग वर्जित है ।
13. परीक्षा हॉल/कक्ष में आचरण के लिए परीक्षार्थी बोर्ड के सभी नियमों एवं विनियमों द्वारा नियमित हैं । अनुचित साधनों के सभी मामलों का फैसला बोर्ड के नियमों एवं विनियमों के अनुसार होगा ।
14. किसी हालत में परीक्षा पुस्तिका और उत्तर पत्र का कोई भाग अलग न करें ।
15. **परीक्षा सम्पन्न होने पर, परीक्षार्थी हॉल / कक्ष छोड़ने से पूर्व उत्तर पत्र कक्ष-निरीक्षक को अवश्य सौंप दें । परीक्षार्थी अपने साथ इस परीक्षा पुस्तिका को ले जा सकते हैं ।**

**READ THE FOLLOWING INSTRUCTIONS CAREFULLY:**

1. The manner in which the different questions are to be answered has been explained in the Test Booklet which you should read carefully before actually answering the questions.
2. Out of the four alternatives for each question, only one circle for the correct answer is to be darkened completely with **Black/Blue Ball Point Pen** on **Side-2** of the OMR Answer Sheet. The answer once marked is not liable to be changed.
3. The candidates should ensure that the Answer Sheet is not folded. Do not make any stray marks on the Answer Sheet. Do not write your Roll No. anywhere else except in the specified space in the Answer Sheet.
4. Handle the Test Booklet and Answer Sheet with care, as under no circumstances (except for discrepancy in Test Booklet Code or Number and Answer Sheet Code or Number), another set will be provided.
5. The candidates will write the correct Test Booklet Code and Number as given in the Test Booklet / Answer Sheet in the Attendance Sheet.
6. A machine will read the coded information in the OMR Answer Sheet. Hence, no information should be left incomplete and it should not be different from the information given in the Admit Card.
7. Candidates are not allowed to carry any textual material, printed or written, bits of papers, pager, mobile phone, electronic device or any other material except the Admit Card inside the examination hall/ room.
8. Mobile phones, wireless communication devices (even in switched off mode) and the other banned items should not be brought in the examination halls/ rooms. Failing to comply with this instruction, it will be considered as using unfair means in the examination and action will be taken against them including cancellation of examination.
9. Each candidate must show on demand his / her Admit Card to the Invigilator.
10. No candidate, without special permission of the Centre Superintendent or Invigilator, should leave his / her seat.
11. The candidates should not leave the Examination Hall/ Room without handing over their Answer Sheet to the Invigilator on duty and sign the Attendance Sheet twice. Cases where candidate has not signed the Attendance Sheet a second time will be deemed not to have handed over the Answer Sheet and dealt with as an unfair means case. **The candidates are also required to put their left hand THUMB impression in the space provided in the Attendance Sheet.**
12. Use of Electronic / Manual Calculator is prohibited.
13. The candidates are governed by all Rules and Regulations of the Board with regard to their conduct in the Examination Hall/Room. All cases of unfair means will be dealt with as per Rules and Regulations of the Board.
14. No part of the Test Booklet and Answer Sheet shall be detached under any circumstances.
15. **On completion of the test, the candidate must hand over the Answer Sheet to the Invigilator in the Hall / Room.** ***The candidates are allowed to take away this Test Booklet with them.***